# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1367** **13.06.2014- ലെ മറുപടിക്ക്**

## കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിലെ പദ്ധതി അടങ്കൽ

**ചോദ്യം**

**ശ്രീമതി കെ. എസ്. സലീഖ:**

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം 2011-12, 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിൽ അംഗീകരിച്ച പദ്ധതി അടങ്കൽ തുക എത്രയാണെന്നും ആയതിൽ കേന്ദ്ര ആസൂത്രണ കമ്മീഷൻ അനുമതി നൽകിയ അടങ്കൽ തുക ഓരോ സാമ്പത്തിക വർഷവും എത്ര വീതമാണെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ;

(ബി) കേന്ദ്ര ആസൂത്രണ കമ്മീഷൻ അനുമതി നൽകിയ 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിലെ അടങ്കൽ തുകയിൽ ഓരോ വർഷവും ചെലവഴിച്ച തുകയും ഓരോ വർഷവും ലാപ്സാക്കിയ തുകയും എത്രയെന്ന് വിശദമാക്കുമോ;

(സി) 2014-15 നടപ്പ് സാമ്പത്തികവർഷം കേന്ദ്ര ആസൂത്രണ കമ്മീഷൻ സംസ്ഥാനത്തിന് എത്ര തുകയുടെ പദ്ധതി അടങ്കലിന് അനുമതി നല്കിയെന്നും സംസ്ഥാനം ആവശ്യപ്പെട്ടത് എത്ര തുകയുടെ പദ്ധതി അടങ്കലിനാണെന്നും വിശദമാക്കുമോ;

**ഉത്തരം**

**ശ്രീ. കെ. സി. ജോസഫ്**

**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)**

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം
2011-12-ൽ 12010 കോടിയും,
2012-13-ൽ 14010 കോടിയും,
2013-14-ൽ 17000 കോടിയും ആയിരുന്നു പദ്ധതി അടങ്കൽ തുക. മേൽ വർഷങ്ങളിൽ മുകളിൽ പറഞ്ഞിട്ടുള്ള അടങ്കൽ തുകയ്ക്ക് കേന്ദ്ര ആസൂത്രണ കമ്മീഷന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) ഓരോ വർഷവും ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു.
2011-12-ൽ 11772 കോടി
2012-13-ൽ 12181 കോടി
2013-14-ൽ 13775 കോടി

ഓരോ വർഷവും ലാപ്സാക്കിയ തുക സംബന്ധിച്ച വിവരം ബന്ധപ്പെട്ട വകുപ്പു കളിൽ നിന്നും ശേഖരിച്ചു നല്കുന്നതാണ്.

(സി) 2014-15 സാമ്പത്തികവർഷം 20,000 കോടി രൂപയ്ക്കുള്ള പദ്ധതി അടങ്കലാണ് സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. ടി പദ്ധതി അടങ്കൽ കേന്ദ്രആസൂത്രണ കമ്മീഷന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ഇത് വരെ ലഭിച്ചിട്ടില്ല.